**<u>കേരള സർക്കാർ</u>**

നം.18899/ഐ.എ1/10/തസ്വഭവ. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
തിരുവനന്തപുരം, 13/5/2010.

## <u>സർക്കുലർ</u>

വിഷയം: കുടുംബശ്രീ – യുവശ്രീ പദ്ധതി– പരിഷ്ക്കരിച്ച മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന: 1. 17/06/2004 ലെ സഉ(സാ) നനമ്പർ2030/2004/തസ്വഭ
2. 04/04/2005 ലെ സ.ഉ (സാ) നമ്പർ 1397/2005/തസ്വഭ
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 6/3/2010 ലെ കെ.എസ്.ഡി/1239/2010 നമ്പർ കുറിപ്പ്.

അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് യുവശ്രീ. യുവശ്രീ പദ്ധതി മാനദണ്ഡങ്ങളിലെ ചില വ്യവസ്ഥകൾ സംരംഭരൂപീകരണത്തിനുള്ള സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നതായും ഇതു സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ വാർഷിക ആഡിറ്റിംഗിൽ വിലയിരുത്തിയിട്ടുള്ളതായും മേൽ സാഹചര്യത്തിൽ യുവശ്രീ പദ്ധതി നിർവ്വഹണത്തിന് തടസ്സമായി നിൽക്കുന്ന അത്തരം വ്യവസ്ഥകൾ പുന: ക്രമീകരിക്കുന്നതിനുള്ള പരിഹാര നടപടികൾ സ്വീകരിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം മൂന്നിലെ കത്തിലൂടെ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും യുവശ്രീ പദ്ധതിയുടെ സുഗമമായ നിർവ്വഹണം സാധ്യമാക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്നപ്രകാരമുള്ള പരിഷ്ക്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തുകൊള്ളുന്നു.

# യുവശ്രീ പദ്ധതി – പരിഷ്കരിച്ച മാർഗ്ഗനിർദേശങ്ങൾ

**ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്.**

1. കുടുംബശ്രീ അയൽക്കൂട്ട കുടുംബാംഗങ്ങളിൽ നിന്നുള്ള നിശ്ചിത പ്രായപരിധിയിലുള്ള ആർക്കും ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ രൂപീകരിക്കാവുന്നതാണ്.
2. ഗുണഭോക്താക്കളുടെ സംരംഭകത്വ വാസനയും, സംരംഭ രൂപീകരണത്തിനുള്ള തൽപരതയും അടിസ്ഥാന അർഹതാ മാനദണ്ഡമായി പരിഗണിക്കേണ്ടതാണ്
3. സംരംഭക(ൻ)/കുടുംബാംഗം അയൽക്കൂട്ടത്തിൽ അംഗത്വം നേടി കുറഞ്ഞത് 6 മാസമെങ്കിലും പൂർത്തീകരിച്ചിരിക്കണം.
4. സംരംഭകന്റെ പ്രായപരിധി 18 – 45 വയസ്സായിരിക്കും
5. കുടുംബശ്രീമിഷൻ നേരിട്ടോ, വിവിധ ഏജിൻസികൾ മുഖേനയോ നടത്തുന്ന വിവിധ വൈദഗ്ദ്ധ്യ വികസന പരിപാടികളിലും, ഇഡിപി, പെർഫോർമൻസ് ഇൻപ്രൂവ്മെന്റ് പ്രോഗ്രാമുകളിലും പങ്കെടുക്കാൻ സന്നദ്ധതയുള്ളവരായിരിക്കണം.

**ഗുണഭോക്തൃതെരഞ്ഞെടുപ്പിനും, പദ്ധതി പ്രചരണത്തിനുമുള്ള മാർഗ്ഗനിർദേശങ്ങൾ**

1. യുവശ്രീ പദ്ധതിയെ കുറിച്ചുള്ള വ്യാപകമായ പ്രചാരണം കുടുംബശ്രീ സിഡിഎസ്/എഡിഎസുകളുടെ നേതൃത്വത്തിൽ അയൽക്കൂട്ട തലത്തിൽ നടത്തേണ്ടതാണ്.
2. പഞ്ചായത്ത്/നഗരസഭാ തലത്തിൽ ചിട്ടപ്പെടുത്തിയിട്ടുള്ള വാർഷിക കർമ്മ പദ്ധതി, തൊഴിൽ സംരംഭ സാധ്യതാ രജിസ്റ്റർ എന്നിവയുടെ സഹായത്തോടെ പ്രാദേശിക പ്രത്യേകതകൾക്കും, സംരംഭകരുടെ അഭിരുചിക്കും അനുസൃതമായി ഓരോ വാർഡിലും ആരംഭിക്കാൻ സാധിക്കുന്ന യുവശ്രീ – ആശയങ്ങൾ സ്വാംശീകരിക്കുന്നതിനും, പ്രോജക്ടുകൾ രൂപീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ സിഡിഎസ് തലത്തിൽ നടത്തണം. സംരംഭ വികസന പ്രവർത്തനങ്ങളുടെ ചുമതലയുള്ള സിഡിഎസ് ഉപസമിതി കൺവീനർ ഇതിന് നേതൃത്വം നൽകണം.

3. ഇതിനനുസൃതമായി ഓരോ അയൽക്കൂട്ടത്തിൽ നിന്നും യുവശ്രീ പദ്ധതിപ്രകാരം സ്വയം തൊഴിൽ രൂപീകരണത്തിന് തൽപരരായവരുടെ വിശദാംശങ്ങൾ ശേഖരിക്കണം.

**യുവശ്രീ പദ്ധതി രൂപീകരണത്തിനുള്ള പരിശീലനങ്ങൾ .**

1. അയൽക്കൂട്ട തലത്തിൽ നിന്നും ശേഖരിക്കുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ തൽപരരായ സംരംഭകരെ തെരഞ്ഞെടുക്കുന്നതിനും, അവരെ സംരംഭ രൂപീകരണ പ്രവർത്തനങ്ങളിലേക്ക് അടുപ്പിക്കുന്നതിനും വേണ്ടി കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ സിഡിഎസിന്റെ പങ്കാളിത്തത്തോടെ പഞ്ചായത്ത് തലത്തിലോ, ബ്ലോക്ക് തലത്തിലോ ജനറൽ ഓറിയന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കേണ്ടതാണ്.
2. ജനറൽ ഓറിയന്റേഷൻ പ്രോഗ്രാമുകളെ സംബന്ധിച്ച് ത്രിതല സംഘടനാ തലത്തിൽ തന്നെ വിപുലമായി പ്രചാരണം നടത്തേണ്ടതാണ്. ജിഒറ്റി പരിശീലനങ്ങളും, പരിശീലന തീയതി, വേദി എന്നിവ സംബന്ധിച്ച വിശദാംശങ്ങളും പഞ്ചായത്ത് ഓഫീസിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.
3. ജിഒറ്റിയിലെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഓരോ അയൽക്കൂട്ടവും ക്രിയാത്മകമായി പങ്കെടുക്കേണ്ടതാണ്.
4. കുടുംബശ്രീ എക്സാത്ത്, മറ്റ് പരിശീലന സ്ഥാപനങ്ങൾ എന്നിവയുടെ സേവനം ജനറൽ ഓറിയന്റേഷൻ പരിശീലനങ്ങൾക്ക് കുടുംബശ്രീ ജില്ലാമിഷന് ഉപയോഗപ്പെടുത്താവുന്നതാണ്.
5. ജനറൽ ഓറിയന്റേഷൻ പ്രോഗ്രാമിൽ പങ്കെടുക്കുന്നവരുടെ വിശദാംശങ്ങൾ സിഡിഎസിൽ സൂക്ഷിച്ചിട്ടുള്ള പ്രത്യേക രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. സംരംഭവികസന പ്രവർത്തനങ്ങളുടെ ചുമതലയുള്ള സിഡിഎസ് സബ്കമ്മിറ്റി കൺവീനർക്കാണ് ഇതിന്റെ ഉത്തരവാദിത്വം.
6. ജനറൽ ഓറിയന്റേഷൻ പരിശീലനങ്ങളിൽ പങ്കെടുത്തവരിൽ നിന്നും സംരംഭ രൂപീകരണത്തിനുള്ള ഉറച്ച താൽപര്യവും, അഭിവാഞ്ഛയും പ്രകടിപ്പിക്കുന്നവരെ ഉൾപ്പെടുത്തി ഇഡിപി (എന്റർപ്രണർഷിപ്പ് ഡെവലെപ്പ്മെന്റ് പ്രോഗ്രാം.) പരിശീലനങ്ങൾ നൽകണം
7. ഇപ്രകാരം. ഇഡിപി പരിശീലനം ലഭിച്ചവരെ മാത്രം ഉൾപ്പെടുത്തി യുവശ്രീ പദ്ധതിയിൻ കീഴിൽ സ്വയം തൊഴിൽ ഗ്രൂപ്പുകൾ രൂപീകരിക്കാവുന്നതാണ്. ഇവരുടെ ലിസ്റ്റ് സിഡിഎസ് തലത്തിൽ പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷി

ക്കണം സംരംഭകരുടെ മുൻപരിചയം, പരിശീലനങ്ങൾ എന്നീ ഘടകങ്ങൾ പ്രത്യേകം പരിഗണിക്കണം. സംരംഭ നടത്തിപ്പിനായി പ്രത്യേക വൈദഗ്ദ്ധ്യ വികസന പരിശീലനങ്ങൾ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അതിനുള്ള നടപടികൂടി കുടുംബശ്രീ ജില്ലാമിഷൻ സ്വീകരിക്കണം.

**ആക്റ്റിവിറ്റി ഗ്രൂപ്പ് രൂപീകരണവും, ഘടനയും**

1. മേൽ പ്രതിപാദിച്ച നടപടിക്രമങ്ങൾക്കനുസൃതമായി ഒരു അയൽക്കൂട്ടത്തിൽ നിന്നോ, വ്യത്യസ്ത അയൽക്കൂട്ടങ്ങളിൽ നിന്നോ ഉള്ള സംരംഭകരെ ഉൾപ്പെടുത്തി ആക്റ്റി വിറ്റി ഗ്രൂപ്പുകൾക്ക് രൂപം നൽകാവുന്നതാണ്. യൂണിറ്റിന്റെ പൊതു നടത്തിപ്പിന് യൂണിറ്റംഗങ്ങളിൽ നിന്നും രണ്ടുപേരെ സെക്രട്ടറി, പ്രസിഡന്റ് സ്ഥാനത്തേക്ക് തെരഞ്ഞെടുക്കണം.
2. പുരുഷൻമാർ മാത്രമുള്ള ഗ്രൂപ്പുകളോ, സ്ത്രീകൾ മാത്രമുള്ള ഗ്രൂപ്പുകളോ സ്ത്രീകളും പുരുഷൻമാരും ഉൾപ്പെടുന്ന മിക്സഡ് ഗ്രൂപ്പുകളോ യുവശ്രീ പദ്ധതി പ്രകാരം ആരംഭിക്കാവുന്നതാണ്.. മിക്സഡ് ഗ്രൂപ്പുകളിലെ പ്രസിഡന്റ്, സെക്രട്ടറി സ്ഥാനങ്ങളിൽ ഒരു സ്ഥാനം നിർബന്ധമായും സ്ത്രീ സംരംഭകയ്ക്ക് തന്നെ നൽകണം
3. യൂണിറ്റിന്റെ പ്രവർത്തനം, യൂണിറ്റിന്റെ ലാഭ-നഷ്ട വിഹിതങ്ങളുടെ ക്രമീകരണം, വേതന വിതരണം, സാമ്പത്തിക ഉത്തരവാദിത്വം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണ മുൻകൂട്ടി രൂപപ്പെടുത്തണം.
4. ആക്റ്റിവിറ്റി ഗ്രൂപ്പിന്റെ പൊതു നടത്തിപ്പ് ചുമതല ഗ്രൂപ്പ് സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്കാണെങ്കിലും, യൂണിറ്റിന്റെ സാമ്പത്തിക വിനിയോഗ പ്രവർത്തനങ്ങളിലും, ഭരണ നിർവ്വഹണത്തിലും, സംരംഭ ഗ്രൂപ്പിലെ എല്ലാ അംഗങ്ങൾക്കും തുല്യ പങ്കാളിത്തവും, അവസരവും ഉണ്ടായിരിക്കുന്നതാണ്.

**പ്രോജക്ട് രൂപീകരണം**

1. ആക്റ്റിവിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചു കഴിഞ്ഞാൽ അനുയോജ്യമായ പ്രോജക്ട് ആശയങ്ങൾ സ്വാംശീകരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതാണ്.
2. കുടുംബശ്രീ മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ, സഹായം പ്രോജക്ട് രൂപീകരണ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തേണ്ടതാണ്
3. യുവശ്രീ പ്രോജക്ടുകളുടെ ഘടനാ മാതൃക കുടുംബശ്രീ സംസ്ഥാനമിഷൻ ആവിഷ്കരിച്ച് നൽകുന്നതാണ്.

(പ്രോജക്ട് ഘടകങ്ങൾ- യുവശ്രീ പ്രോജക്ട് പ്രൊപ്പോസലിൽ ചുവടെ ചേർക്കുന്ന ഘടകങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്

1. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തിയുടെ വിവരണം
2. സംഘാടനം
3. സംരംഭകരുടെ പേര് മേൽവിലാസം, വയസ്സ്,
4. സംരംഭത്തിന്റെ പ്രവർത്തന സ്ഥലം, പ്രദേശം
5. സ്ഥിരമൂലധനം, പ്രവർത്തന മൂലധനം
6. ഉൽപാദന/സേവന പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിശദാംശം
7. പ്രതീക്ഷിത വരവ് ചെലവ് സ്റ്റേറ്റ്മെന്റ്, cash flow സ്റ്റേറ്റ്മെന്റ്
8. വിപണന ക്രമീകരണങ്ങൾ
9. ലാഭനഷ്ടകണക്കുകളുടെ വിലയിരുത്തൽ

**സബ്സിഡി മാനദണ്ഡങ്ങൾ**

യുവശ്രീ പദ്ധതി പ്രകാരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് ചുവടെ ചേർക്കുന്ന നിരക്കിൽ സബ്സിഡിക്ക് അർഹതയുണ്ടായിരിക്കുന്നതാണ്

| തരം | അനുവദനീയമായ സബ്സിഡി |
|---|---|
| വ്യക്തിഗത സംരംഭങ്ങൾ | 7500/- രൂപയോ പ്രൊജക്ട് തുകയുടെ 30% ഏതാണോ കുറവ് ആ തുക |
| ഗ്രൂപ്പ് സംരംഭങ്ങൾ 5 അംഗ ഗ്രൂപ്പിന് | 50000/- രൂപയോ പ്രൊജക്ട് തുകയുടെ 50 ശതമാനമോ ഏതാണോ കുറവ് ആ തുക |
| 5 മുതൽ 10 വരെ അംഗങ്ങളുടെ ഗ്രൂപ്പിന് | 50000+ അഞ്ചിൽ കൂടുതലുള്ള ഓരോ അംഗത്തിനും 10000/- വച്ച് പരമാവധി 100000/- രൂപ വരെയോ അല്ലെങ്കിൽ പ്രൊജക്ട് തുകയുടെ 50 ശതമാനമോ ഏതാണോ കുറവ് ആതുക |

**പ്രോജക്ട് റിപ്പോർട്ടിനോടൊപ്പം ഹാജരാക്കേണ്ട രേഖകൾ**

1. യൂണിറ്റംഗങ്ങൾ ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ പ്രസക്തഭാഗങ്ങളുടെ പകർപ്പ് ഇല്ലെങ്കിൽ ഇലക്ഷൻ കമ്മീഷൻ നൽകിയിട്ടുള്ള തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്
2. സംരംഭകരുടെയോ, കുടുംബംഗങ്ങളുടെയോ അയൽക്കൂട്ട അംഗത്വം ഉറപ്പാക്കുന്ന അനിവാര്യ രേഖകളുടെ പകർപ്പ്.
3. സംരംഭകരുടെ പരിശീലനം, മുൻ പരിചയം, എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ (അയൽക്കൂട്ട/എഡിഎസ് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തിയിരിക്കണം
4. ബാങ്ക് ലോൺ അനുവദിച്ചതിന്റെ രേഖകൾ

### പ്രോജക്ട് അംഗീകരിക്കുന്നതിനുള്ള നടപടിക്രമം

പ്രോജക്ടിന്റേയും അപേക്ഷയുടെയും മൂന്ന് സെറ്റ് കോപ്പികൾ തയ്യാറാക്കണം. വിശദമായ പ്രോജക്ടും, നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയും അനുബന്ധ രേഖകളോടൊപ്പം സിഡിഎസിന് സമർപ്പിക്കണം. സിഡിഎസ് ഈ പ്രോജക്ട് റിപ്പോർട്ടുകളും, രേഖകളും, പരിശോധിച്ച് ക്രമപ്പെടുത്തി സിഡിഎസിന്റെ ശുപാർശയോടെ ബാങ്കിൽ സമർപ്പിക്കണം. എന്തെങ്കിലും അപാകത കാണുന്ന പക്ഷം ന്യൂനതാ നിവാരണത്തിനായി ബന്ധപ്പെട്ട യൂണിറ്റിനെ തിരിച്ചേൽപ്പിക്കണം. സിഡിഎസിന് ലഭിക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സിഡിഎസിൽ സൂക്ഷിക്കേണ്ടതാണ്. പ്രോജക്ടിന്റെ ഒരു സെറ്റ് കോപ്പി സിഡിഎസിൽ സൂക്ഷിക്കണം. ബാങ്കിന്റെ അനുമതി പത്രം **(loan Sanctioning letter)** ലഭ്യമാകുന്ന മുറയ്ക്ക് പ്രോജക്ട് റിപ്പോർട്ടും, അനുബന്ധ വിശദാംശങ്ങളും സബ്സിഡി തുക ലഭ്യമാക്കുന്നതിനായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കണം. പ്രോജക്ടിന്റെ സാങ്കേതിക, സാമ്പത്തിക ഘടകങ്ങളെ സംബന്ധിച്ച് സൂക്ഷ്മമായി ജില്ലാമിഷൻ കോ-ഓർഡിനേറ്റർ വിലയിരുത്തേണ്ടതാണ്. (പ്രോജക്ട് തുക, പ്രവർത്തന മൂലധനം, വിപണീ-വിപണന സൗകര്യങ്ങൾ, സാമ്പത്തിക പ്രയോഗക്ഷമത, തുടങ്ങിയ ഒരോ ഘടകവും വ്യക്തവും, സൂക്ഷ്മവുമായി പരിശോധിക്കണം). ന്യൂനതയുള്ളതും, പ്രായോഗിക ക്ഷമത പുലർത്താത്തതുമായ പ്രോജക്ടുകൾ നിരസിക്കേണ്ടതാണ്. ഇതിനുള്ള കാരണങ്ങളും കത്തിൽ വ്യക്തമാക്കണം. ഈ പ്രോജക്ടുകൾ ന്യൂനതാ നിവാരണം നടത്തി പുന:സമർപ്പിക്കാൻ നിർദേശിക്കാവുന്നതാണ്. ക്രമപ്രകാരമുള്ള പ്രോജക്ടുകൾക്ക് നിർദ്ദിഷ്ട നിബന്ധനകൾക്കും, മാനദണ്ഡങ്ങൾക്കും വിധേയമായി ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് സബ്സിഡി തുക അനുവദിക്കാവുന്നതാണ്. ഇതു സംബന്ധിച്ചുള്ള നടപടി ഉത്തരവ് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ പുറപ്പെടുവിക്കണം. ബന്ധപ്പെട്ട ആക്റ്റിവിറ്റി ഗ്രൂപ്പിന്റെ ബാങ്ക് ലോൺ അക്കൗണ്ടിലേക്കാണ് സബ്സിഡി തുക അനുവദിക്കേണ്ടത്. സബ്സിഡി അനുവദിച്ചു കൊണ്ടുള്ള ഉത്തരവിന്റെ കോപ്പി സിഡിഎസിനും, ബന്ധപ്പെട്ട ബാങ്കിനും, ആക്റ്റിവിറ്റി ഗ്രൂപ്പിനും നൽകേണ്ടതാണ്. പ്രോജക്ട് റിപ്പോർട്ടിന്റെ കോപ്പി ജില്ലാമിഷനിൽ സൂക്ഷിക്കേണ്ടതാണ്.

**യൂണിറ്റിന്റെ പ്രവർത്തനം/അനിവാര്യ സ്ഥിതി വിവരകണക്കുകളുടെ ശേഖരണം**

1. ബാങ്ക് ലോൺ ലഭ്യമായി 15 ദിവസത്തിനകം യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിരിക്കണം.
2. യൂണിറ്റിന്റെ പ്രാരംഭ ഘട്ട പ്രവർത്തനത്തിനാവശ്യമായ എല്ലാ പിന്തുണയും, സഹായങ്ങളും മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർ, സിഡിഎസ് ചെയ്ത് കൊടുക്കേണ്ടതാണ്.
3. ബാങ്ക് ലോൺ പൂർണ്ണമായും പിൻവലിച്ച് പ്രോജക്ട് പ്രകാരം വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിനായി വിനിയോഗിക്കണം
4. യൂണിറ്റിന് ബാങ്ക് ലോൺ ലഭ്യമായ വിവരവും, പ്രവർത്തനം ആരംഭിച്ച വിവരവും സിഡിഎസ്, ജില്ലാമിഷൻ കോ–ഓർഡിനേറ്റർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
5. ബാങ്ക് ലോൺ ലഭ്യമായി 30 ദിവസത്തിനകം പ്രവർത്തനം ആരംഭിക്കാത്ത യൂണിറ്റുകളുടെ സബ്സിഡി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ ജില്ലാമിഷൻ സ്വീകരിക്കേണ്ടതാണ്.
6. സബ്സിഡി അനുവദിച്ച യൂണിറ്റുകളുടെ വിശദാംശങ്ങൾ നിർദ്ദിഷ്ട മാതൃകയിലെ ഫോർമേറ്റിൽ ജില്ലാമിഷൻ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതാണ്.
7. ഇപ്രകാരം ഓരോ മാസവും അനുവദിച്ച സബ്സിഡിയുടെ വിശദാംശങ്ങളും, യൂണിറ്റുകളുടെയും, ഗുണഭോക്താക്കളുടെ വിശദാംശങ്ങളും കുടുംബശ്രീ സംസ്ഥാനമിഷനും ലഭ്യമാക്കേണ്ടതാണ്.
8. പ്രവർത്തനം മന്ദീഭവിച്ചതോ, നിർജ്ജീവമായതോ ആയ യൂണിറ്റുകളുടെ വിശദാംശങ്ങൾ സിഡിഎസ്, ജില്ലാമിഷന് ലഭ്യമാക്കേണ്ടതാണ്. ഈ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ജില്ലാമിഷൻ സ്വീകരിക്കേണ്ടതാണ്.

**യൂണിറ്റിൽ നിന്നും ലഭ്യമാക്കേണ്ട രേഖകൾ.**

യൂണിറ്റ് പ്രവർത്തനം ആരംഭിച്ച് ഒരു മാസം കഴിഞ്ഞാൽ ചുവടെ ചേർക്കുന്ന രേഖകൾ ബന്ധപ്പെട്ട യൂണിറ്റുകളിൽ നിന്നും സിഡിഎസ് ശേഖരിച്ച് ക്രോഡീകരിച്ച് ജില്ലാമിഷനിൽ സമർപ്പിക്കേണ്ടതാണ്.

1. യൂണിറ്റിന്റെ ആസ്തി ബാധ്യതകളെ സംബന്ധിച്ച റിപ്പോർട്ട്
2. പ്രതിമാസ വിറ്റുവരവ് സംബന്ധിച്ച വിവരങ്ങൾ
3. ലോൺ തിരിച്ചടവിന്റെ വിശദാംശങ്ങൾ

**യൂണിറ്റിന്റെ പൊതുമാനേജ്മെന്റ്**

1. യൂണിറ്റിന്റെ ചിട്ടയായ ധന മാനേജ്മെന്റിനും, ആന്തരിക സാമ്പത്തിക വിനിയോഗത്തിനും പ്രത്യേക നിയന്ത്രണ- പരിശോധനാ സംവിധാനങ്ങൾ ഉണ്ടായിരിക്കണം. യൂണിറ്റിന്റെ വരവ് ചെലവ് രജിസ്റ്ററുകളും, അനുബന്ധ ലെഡ്ജർ അക്കൗണ്ടുകളും യഥാവിധി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം ഗ്രൂപ്പ് സെക്രട്ടറിയുടേതാണ്.. സംരംഭ ഗ്രൂപ്പുകളുടെ സാമ്പത്തിക-ധനവിനിയോഗ പ്രവർത്തനങ്ങൾ കാസ്സ് യൂണിറ്റുകളുടെ നേതൃത്വത്തിലുള്ള വാർഷിക ആഡിറ്റിംഗിന് വിധേയമാക്കേണ്ടതാണ്. ഇതിനായി വാർഷാവസാനം യൂണിറ്റിന്റെ രജിസ്റ്ററുകളും, അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും ഗ്രൂപ്പ് സെക്രട്ടറി ക്രമപ്പെടുത്തി കാസ്സ് ഓഡിറ്റ് ടീമിന് നൽകേണ്ടതാണ്. ആഡിറ്റ് ഫീസ്/നിരക്ക് സംബന്ധിച്ചുള്ള നിർദേശങ്ങൾ കുടുംബശ്രീ സംസ്ഥാനമിഷൻ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്നതാണ്
2. ആക്റ്റിവിറ്റി ഗ്രൂപ്പിന്റെ ആന്തരിക പ്രശ്നങ്ങളും, പരാതികളും, സംരംഭ നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് പ്രശ്നങ്ങളും രമ്യമായി പരിഹരിക്കുന്നതിനും, തീർപ്പാക്കുന്നതിനും, സിഡിഎസ് തലത്തിൽ സംരംഭ വികസന പ്രവർത്തനങ്ങളുടെ ചുമതലയുള്ള സബ്കമ്മിറ്റി കൺവീനർമാരുടെ നേതൃത്വത്തിൽ പ്രത്യേക പരാതി പരിഹാര സംവിധാനങ്ങൾക്ക് രൂപം നൽകേണ്ടതാണ്.
3. യൂണിറ്റ് അഭിമുഖീകരിക്കുന്ന സാങ്കേതിക, പ്രശ്നങ്ങളും, ഗൗരവമാർന്ന മറ്റ് പ്രയാസങ്ങളും നിർവ്വഹണ തടസ്സങ്ങളും, കുടുംബശ്രീ ജില്ലാ/സംസ്ഥാന മിഷനുകളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, പരിഹാര മാർഗ്ഗ നിർദേശങ്ങൾ യഥാവിധി ലഭ്യമാക്കുന്നതിനും, സിഡിഎസ് മുൻകൈ എടുക്കേണ്ടതാണ്

**തുടർ പരിശീലനങ്ങൾ.**

1. യുവശ്രീ സംരംഭ ഗ്രൂപ്പുകളുടെ സാങ്കേതിക നവീകരണത്തിനും, സംരംഭകരുടെ കാര്യശേഷി വികസനത്തിനുമുള്ള തുടർ പരിശീലനങ്ങൾ യഥാവിധി സംഘടിപ്പിക്കുന്നതിന് കുടുംബശ്രീമിഷൻ നടപടി സ്വീകരിക്കേണ്ടതാണ്

2. സംരംഭം പ്രവർത്തനം തുടങ്ങി 6 മാസം കഴിഞ്ഞാൽ യുവശ്രീ സംരംഭകരെ പെർഫോമൻസ് ഇൻപ്രൂവെമെന്റ് പ്രോഗ്രാമുകളിൽ നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതാണ്
3. യൂവശ്രീ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ കാര്യശേഷി വികസനത്തിനുള്ള പരിശീലനങ്ങൾ അടിയന്തിരമായി സംഘടിപ്പിക്കേണ്ടതാണ്.

## മൈക്രോ എൻർപ്രൈസ് കൺസൾട്ടന്റുമാരുടെ സേവന വിനിയോഗവും, സാമ്പത്തിക സഹായവ്യവസ്ഥകളും.

യൂവശ്രീ പദ്ധതി നിർവ്വഹണത്തിൽ കുടുംബശ്രീ മൈക്രോഎൻർപ്രൈസ് കൺസൾട്ടന്റുമാരുടെ സേവന വിനിയോഗം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. സംരഭകരുടെ തൽപരതയ്ക്കും, പ്രാദേശിക അനുയോജ്യതയ്ക്കും അനുസൃതമായി ഉചിതമായ പ്രോജക്ട് ആശയങ്ങളും, സാധ്യതകളും കണ്ടെത്തി സ്വാംശീകരിക്കുന്നതിനും, പ്രോജക്ടുകളുടെ രൂപീകരണത്തിനും, മൈക്രോ എൻർ പ്രൈസ് കൺസൾട്ടന്റുമാരുടെ സേവനവും, പിന്തുണയും ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി കുടുംബശ്രീ എംഇസി മാരുടെ കാര്യശേഷി വികസനത്തിനുള്ള പരിശീലന പ്രവർത്തനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കണം. പ്രോജക്കടുകളുടെ രൂപീകരണം, സബ്സിഡി ലഭ്യമാക്കുന്നതിനും, അടിസ്ഥാന സൗകര്യവികസനത്തിനുമുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ തലങ്ങളിൽ കുടുംബശ്രീ എംഇസി മാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. യൂവശ്രീ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് മൈക്രോ എൻർപ്രൈസ് കൺസൾട്ടന്റുമാർക്ക് നിർണ്ണയിച്ചിട്ടുള്ള പ്രധാന പ്രവർത്തന തലങ്ങളും, മേഖലകളും ചുവടെ ചേർക്കുന്നു.

1. അനുയോജ്യമായ പ്രോജക്ട് ആശയങ്ങൾ കണ്ടെത്തി, പ്രോജക്ടുകളുടെ രൂപീകരണം
2. ആക്റ്റിവിറ്റി ഗ്രൂപ്പിനെ സജ്ജമാക്കൽ, സംരംഭകരുടെ പരിശീലന ആവശ്യങ്ങൾ കണ്ടെത്തി തിട്ടപ്പെടുത്തൽ,
3. വൈദഗ്ദ്ധ്യ വികസനത്തിനുള്ള പരിശീലനങ്ങൾ ജില്ലാ മിഷൻ മുഖേന സംഘടിപ്പിക്കൽ, പരിശീലന ഏജൻസികളുടെ തെരഞ്ഞെടുപ്പിന് ജില്ലാ മിഷനെ സഹായിക്കൽ

4. സംരംഭകരെ പരിശീലനത്തിൽ പങ്കെടുപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുക, പങ്കാളിത്തം ഉറപ്പാക്കുക.

5. പ്രോജക്ടുകൾ എഴുതി തയ്യാറാക്കുന്നതിനും, പ്രോജക്ട് രേഖകളും, വിശദാംശങ്ങളും യഥാവിധി ചിട്ടപ്പെടുത്തി ക്രമപ്പെടുത്തുന്നതിന് ആക്റ്റിവിറ്റി ഗ്രൂപ്പുകൾക്കു വേണ്ട സഹായവും, മാർഗ്ഗനിർദേശവും നൽകുക.

6. ബാങ്ക്, ധനകാര്യ സ്ഥാപനങ്ങളുമായുള്ള ആശയവിനിമയ പ്രവർത്തനങ്ങളിൽ യൂണിറ്റുകളെ സഹായിക്കുക. ബാങ്ക് ലോൺ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ആക്റ്റിവിറ്റി ഗ്രൂപ്പുകളെ സഹായിക്കുക.

7. ജില്ലാമിഷൻ നിർദേശിച്ചിട്ടുള്ള ഭേദഗതികൾ ഉൾപ്പെടുത്തി പ്രോജക്ടുകളുടെ ന്യൂനതാ നിവാരണത്തിനും, പരിഷ്കരണത്തിനും ആക്ററിവിറ്റി ഗ്രൂപ്പുകളെ സഹായിക്കുക.

8. യൂണിറ്റുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനും, വ്യവസ്ഥാപിതമാക്കുന്നതിനുമുള്ള പിന്തുണാ പ്രവർത്തനങ്ങൾ.

9. യൂണിറ്റുകളുടെ സാങ്കേതിക നവീകരണം, വികസന ആവശ്യങ്ങൾ, സാധ്യതകൾ എന്നിവ തിട്ടപ്പെടുത്തി തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിന് ജില്ലാമിഷൻ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ട വിവരങ്ങൾ ലഭ്യമാക്കുക

10. യൂണിറ്റുകൾ അഭിമുഖീകരിക്കുന്ന പ്രധാന നിർവ്വഹണ തടസ്സങ്ങൾ, പ്രശ്നങ്ങൾ എന്നിവ യഥാവസരം കണ്ടെത്തുന്നതിനും, ഉചിതമായ തലങ്ങളിൽ അവതരിപ്പിച്ച്, പരിഹാര മാർഗ്ഗനിർദേശങ്ങൾ ലഭ്യമാക്കുന്നതിനും സഹായിക്കുക.

11. സംരംഭകർക്കാവശ്യമായ തുടർ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് കുടുംബശ്രീ ജില്ലാമിഷനെ സഹായിക്കുക.

12. നിർജ്ജീവമായ യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് കുടുംബശ്രീ ജില്ലാമിഷൻ, തദ്ദേശഭരണ സ്ഥാപനങ്ങൾക്കു വേണ്ട പിന്തുണയും, സഹായങ്ങളും ലഭ്യമാക്കുക.

ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായും, ഫലപ്രദമായും നിർവ്വഹിക്കുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നിശ്ചയിക്കുന്ന നിരക്കിൽ മൈക്രോ

എൻർപ്രൈസ് കൺസൾട്ടന്റുമാർക്ക് യുവശ്രീ ഫണ്ടിൽ നിന്നും പ്രതിഫലം അനുവദിക്കുന്നതിനും അനുമതി നൽകുന്നു.

മൈക്രോ എൻർപ്രൈസ് കൺസൾട്ടന്റുമാരുടെ പ്രതിമാസ പ്രവർത്തന ഡയറിയും, പ്രവർത്തനമികവും വിലയിരുത്തി മാത്രമേ അടിസ്ഥാന പിന്തുണാ പ്രവർത്തനങ്ങൾക്കു വ്യവസ്ഥചെയ്തിട്ടുള്ള സാമ്പത്തിക ആനുകൂല്യം ലഭ്യമാക്കാൻ പാടുള്ളൂ. ഇതിനായി എംഇസി മാർ പ്രതിമാസം സന്ദർശിച്ച ആക്റ്റിവിറ്റി ഗ്രൂപ്പുകളുടെയും, നൽകിയ പിന്തുണാ പ്രവർത്തനങ്ങൾ, സേവനങ്ങൾ എന്നിവയുടെയും വിശദാംശങ്ങൾ ജില്ലാമിഷന് കോ-ഓർഡിനേറ്റർക്ക് ലഭ്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട സിഡിഎസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, ബന്ധപ്പെട്ട ആക്റ്റിവിറ്റി ഗ്രൂപ്പിന്റെ സെക്രട്ടറി/പ്രസിഡന്റ് എന്നിവരുടെ സാക്ഷ്യപ്പെടുത്തലോടെവേണം പ്രസ്തുത വിശദാംശങ്ങൾ ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് ലഭ്യമാക്കേണ്ടത്. ഇതിനനുസൃതമായി ഈ വിശദാംശങ്ങൾ പരിശോധിച്ച് എംഇസി മാരുടെ സേവന ഗുണപരതയും, പ്രവർത്തനമികവും വിലയിരുത്തി പ്രതിഫലം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്

***സംഘ കൃഷി യൂണിറ്റുകളെ യുവശ്രീ പദ്ധതിയുമായി ബന്ധിപ്പിക്കുന്നതിനും, സബ്സിഡി ആനുകൂല്യം ലഭ്യമാക്കുന്നതിനുമുള്ള മാർഗ്ഗനിർദേശം***

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങളിൽ കുടുംബശ്രീയുടെ സംഘ കൃഷി പദ്ധതിക്ക് നിർണ്ണായക സ്വാധീനം ചെലുത്താനാകും. കൂടുതൽ യുവജനങ്ങളെ കാർഷിക മേഖലയിലേക്കും, കാർഷിക വൃത്തിയിലേക്കും ആകർഷിക്കുന്നതിനും, ഉപജീവനത്തിനുള്ള ഉപാധിയെന്ന നിലയിൽ കൃഷിയെ സമീപിക്കുന്നതിനുള്ള ഉൾപ്രേരണ വളർത്തുന്നതിനും സംഘകൃഷി പ്രവർത്തനങ്ങളെ യുവശ്രീ പദ്ധതിയുമായി ബന്ധപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിലൂടെ സാധിക്കുന്നതാണ്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി സംഘകൃഷി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്കും യുവശ്രീ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും

ഗുണഭോക്താക്കൾ

അയൽക്കൂട്ടത്തെ മുഴുവനായോ, ഭാഗികമായോ ഈ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കാവുന്നതാണ്. സ്ത്രീകളുടെ ആക്ടിവിറ്റി ഗ്രൂപ്പും രൂപീകരിക്കാവുന്നതാണ്. 18 നും 45 നും ഇടയിൽ പ്രായമുള്ളവരായിരിക്കണം അംഗങ്ങൾ.

## സ്ഥല വിസ്തൃതി

യുവശ്രീ ഗ്രൂപ്പായി സംഘകൃഷിയിൽ ഏർപ്പെടുന്നതിന് ചുരുങ്ങിയത് ഒരേക്കർ സ്ഥലമെങ്കിലും 3 വർഷത്തിൽ കുറയാത്ത കാലാവധിയിൽ പാട്ടത്തിന് ലഭ്യമാക്കിയിരിക്കണം. സ്വന്തമായി ഭൂമിയുള്ള അയൽക്കൂട്ട അംഗങ്ങളുടെ കാര്യത്തിൽ പ്രസ്തുത ഭൂമിയിലും മേൽ പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി സംഘകൃഷി നടത്താവുന്നതാണ്

## അപേക്ഷിക്കേണ്ട വിധം

മേൽ നിബന്ധനകൾക്ക് വിധേയമായി ഗ്രൂപ്പുകൾ രൂപീകരിച്ച് കഴിഞ്ഞാൽ യുവശ്രീ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് പാട്ട കൃഷിക്കുള്ള അപേക്ഷ തയ്യാറാക്കി സിഡിഎസിന്റെ ശുപാർശയോടുകൂടി ജില്ലാമിഷനിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകളും, വിശദാംശങ്ങളും കൂടി സമർപ്പിക്കേണ്ടതാണ്. ഗ്രൂപ്പുകൾ പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിച്ചിരിക്കണം.

1. പാട്ടഭൂമിയുടെ കരാർ (ചുരുങ്ങിയത് 3 വർഷത്തേക്ക്) / അംഗങ്ങളുടെ സമ്മതപത്രം (സ്വന്തം ഭൂമിയിലാണെങ്കിൽ)
2. കൃഷി ചെയ്യാനുദ്ദേശിക്കുന്ന വിള, വിളകളെ അടിസ്ഥാനപ്പെടുത്തിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട്
3. ബാങ്ക് വായ്പയുടെ അനുമതി പത്രം

ഓരോ വിളയുടെയും നിലവിലുള്ള യൂണിറ്റ് കോസ്റ്റിനെ അടിസ്ഥാനപ്പെടുത്തി വേണം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. 3 വർഷത്തേക്കുള്ള പാട്ട കൃഷി ആകയാൽ ബഹു വർഷ പ്രോജക്ടിന്റെ മാതൃകയിൽ വേണം സമർപ്പിക്കേണ്ടത്. കൃഷി ഫലപ്രദമായി നടത്തുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ, അടിസ്ഥാന വികസന പ്രവർത്തനങ്ങൾ, ഉപകരണങ്ങൾ, എന്നിവ പ്രോജക്ടിന്റെ ഭാഗമായി ഉൾക്കൊള്ളിക്കേണ്ടതാണ്.

**ഇൻസെന്റീവ്/സബ്സിഡി**

കുടുംബശ്രീയിൽ നിലവിലുള്ള ഏരിയ ഇൻസെന്റീവ്, ഉൽപാദന ഇൻസെന്റീവ് എന്നിവയ്ക്കു പുറമേ തദ്ദേശഭരണ സ്ഥാപനങ്ങൾ, ഘടക സ്ഥാപനങ്ങൾ, വകുപ്പുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കാവുന്ന ആനൂകൂല്യങ്ങളും പ്രോജക്ടിൽ ഉൾപ്പെടുത്താവുന്നതാണ്. ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് നൂതന സാങ്കേതിക വിദ്യ ലഭ്യമാക്കേണ്ടുന്ന സാഹചര്യം വരുമ്പോൾ അവയ്ക്ക് പ്രോജക്ട് തുകയുടെ 50% (നിലവിലുള്ള പരിധിക്കു വിധേയമായി) ഇന്നവേഷൻ ഫണ്ടായി നല്കാവുന്നതാണ്. ഇതിനായുള്ള ശുപാർശ ബന്ധപ്പെട്ട കൃഷി ആഫീസറുടെ സാക്ഷ്യപ്പെടുത്തലോടെ ജില്ലാ മിഷനിൽ സമർപ്പിക്കേണ്ടതാണ്.

എസ്.എം വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ മുനിസിപ്പൽ ചെയർമാൻ / സെക്രട്ടറിമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ് (പത്ര മാധ്യമങ്ങളിലൂടെ പ്രചരണം നൽകുന്നതിന്)
ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷൻ പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എല്ലാ മെമ്പർ സെക്രട്ടറിമാർക്കും, (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (ആഡിറ്റ്, കേരളം)
അക്കൗണ്ട് ജനറൽ (എ&ഇ), കേരളം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ